20 (*413) കാലിരോഗ വിമുക്ത തീവ്രയത്ന പരിപാടി

ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലിരോഗങ്ങൾ പൂർണ്ണമായും ഒഴിവാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇതിനുവേണ്ടി എന്തു തുക ചെലവഴിക്കുവാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) കാലിരോഗ വിമുക്ത തീവ്രയത്ന പരിപാടി ഏതെങ്കിലും ജില്ലകളിൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഉണ്ട്.

(ബി) 'കാലിരോഗ വിമുക്ത മേഖല' എന്ന പദ്ധതിയാണ് കാലിരോഗങ്ങൾ തടയുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്. കാലികളിൽ കണ്ടുവരുന്ന പ്രധാന രോഗങ്ങളായ കാലിവസന്ത, കുളമ്പുരോഗം എന്നിവയ്ക്കെതിരെ പ്രതിരോധ കുത്തിവയ്പ്പുകൾ നടത്തി സംസ്ഥാനത്തെ ഒരു രോഗവിമുക്ത മേഖലയാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സാമ്പത്തിക പരിമിതിമൂലം സംസ്ഥാനത്തിന്റെ തെക്കൻ ജില്ലകളിലാണ് പദ്ധതി ഇപ്പോൾ നടപ്പാക്കിവരുന്നത്. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

1) മാസ്സ് വാക്സിനേഷൻ നടത്തി കാലിവസന്തയും കുളമ്പുരോഗവും നിർമ്മാർജ്ജനം ചെയ്യുക.

2) പ്രധാന കന്നുകാലി യാത്രാവഴികളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് ഈ രോഗങ്ങൾ തടയുക.

3) കുത്തിവയ്പ്പുകൾ നടത്തി രോഗമില്ല എന്നു നിർണ്ണയിച്ച സ്ഥലങ്ങളിൽ കൂടെക്കൂടെ പരിശോധന നടത്തി രോഗത്തിന്റെ ഏതെങ്കിലും ലക്ഷണങ്ങൾ ഉണ്ടോ എന്നു കണ്ടുപിടിക്കുക.

4) കുളമ്പുരോഗം പാടേ നിർമ്മാർജ്ജനം ചെയ്യാൻ 12 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതിയും തയ്യാറാക്കിവരുന്നു.

(സി) 1998-99-ൽ ഇതിനുവേണ്ടി കേന്ദ്ര സഹായത്തോടെ 120 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും അതു മുഴുവൻ ചെലവാക്കുകയും ചെയ്തു. 1999-2000 വർഷത്തിൽ 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലും എറണാകുളം ജില്ലയിൽ പെരിയാറിനു തെക്കുള്ള പ്രദേശങ്ങളിലും പദ്ധതി നടപ്പിലാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly